**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 409** **01-02-2023 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ . പി . ഉബൈദുള്ള , ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ; | (എ) | ലഹരി ഉപയോഗം തടയുന്നതിനായ സംസ്ഥാനത്ത് ഇരുപത്തിനാല് മണിക്കൂറു പ്രവർത്തിയ്ക്കുന്ന ജില്ലാതല കൺട്രോൾറൂം സ്ട്രൈക്കിങ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ച വരുന്നു. ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും റെയിൽവേ പോലീസുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവയുടെ പരിസര പ്രദേശങ്ങളിലെ കടകൾ വിദ്യാർത്ഥികൾ കൂട്ടം കൂടി നിൽക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട് എൻ.ഡി.പി.എസ് കേസുകളിൽ മുൻപ പ്രതികൾ ആയവരുടെ ലിസ്റ്റ് തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ച് വരുന്നു കണ്ടെടുക്കുന്ന എല്ലാ എൻ.ഡി.പി.എസ് കേസുകളിലും മയക്കുമരുന്നിന്റെ സ്രോതസിനെ സംബന്ധിച്ച് കാര്യക്ഷമമായ അന്വേഷണം നടത്തി വരുന്നു. കൂടാതെ വിമുക്തി മിഷന്റെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികളും, വാർഡ തലം മുതൽ സംസ്ഥാന തലം വരെ ജനപ്രതിനിധികൾ അംഗങ്ങളായി ജനജാഗ്രത സമിതികൾ രൂപീകരിച്ച് വിവരശേഖരണവും ലഹരിയ്ക്കെതിരായ ബോധവൽക്കരണവും നടത്തിവരുന്നു. |
| (ബി) | ഇതിനായി നിലവിലുള്ള നടപടികൾ ഫലപ്രദമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ | (ബി) | ഇല്ല. NDPS നിയമം പ്രകാരം നിലവിൽ സ്മാൾ ക്വാണ്ടിറ്റി (1 Kg യ്ക്ക് താഴെ) വിഭാഗത്തിൽ |

| | | | |
|---|---|---|---|
| | ഇത് പരിശോധിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | | ഉൾപ്പെടുന്ന കേസുകളിലെ പ്രതികൾക്ക് ജാമ്യം ലഭിയ്ക്കാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ സ്മാൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി, കൊമേഴ്സ്യൽ ക്വാണ്ടിറ്റി അളവുകൾ പുതുക്കി നിശ്ചയിച്ച് നിയമഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് എക്സൈസ് വകുപ്പ് നിലവിൽ നടത്തുന്ന പ്രവർത്തനങ്ങൾ മറ്റുവകുപ്പുകളുടെ സഹകരണത്തോടെ കൂടുതൽ ശക്തമായി തുടരുന്നതാണ്. |
| (സി) | ലഹരി കേസുകളിൽ തുടർച്ചയായി പ്രതികളാകുന്നവരെ കരുതൽ തടങ്കലിൽ വെയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | സ്ഥിരമായി മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെടുന്നവരെ PITS NDPS ആക്ട് പ്രകാരം കരുതൽ തടങ്കലിൽ വയ്ക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇവരുടെ സ്വത്തുക്കൾ കണ്ടുകെട്ടാൻ നിയമനടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഡി) | 10 വർഷത്തിൽ കൂടുതൽ ശിക്ഷ ലഭിക്കാവുന്ന എൻ.ഡി.പി.എസ്. കേസുകളിൽ ഉൾപ്പെട്ട പ്രതികളുടെ ലഹരികടത്ത്, വില്പന തുടങ്ങിയവയിൽ കൂടി ആർജ്ജിച്ച സ്വത്തുക്കൾ കണ്ടുകെട്ടുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ